# Desabhimani
# 31 August 2018
# Kochi, Mullussery Turuth, After Flood, Flood Victim



## ഇനിയും വീട്ടിലേക്ക് മടങ്ങാനാകാതെ സുരേന്ദ്രൻ

സ്വന്തം ലേഖിക

**കൊച്ചി**

നെടുമ്പാശേരി പഞ്ചായത്ത് ഒന്നാം വാർഡിലെ മള്ളുശേരി തുരുത്ത് കോളനിയിലെ ഒറ്റ മുറി വീട്ടിലാണ് പള്ളത്തുകുടി സുരേന്ദ്രന്റെ കുടുംബം. വാഹനാപകടത്തിൽ പരിക്കേറ്റ് രണ്ട് വർഷത്തിലേറെയായി കിടപ്പിലാണ്. ഭാര്യയും രണ്ടു പെൺമക്കളുമടങ്ങുന്ന കുടുംബത്തിന്റെ ഏക അത്താണിയായിരുന്നു ഇയാൾ. തുരുത്ത് കോളനി പ്രളയത്തിൽ മുങ്ങിയപ്പോൾ സുരേന്ദ്രനെ ഒരു ആംബുലൻസിൽ പാലിയേറ്റീവ് ക്ലിനിക്കിലേക്ക് മാറ്റി. ഹോളോ ബ്രിക്സിൽ പണിത ഒറ്റമുറി വീട് ഒരാഴ്ച വെള്ളത്തിനടിയിലായിരുന്നു. മേൽക്കൂര വരെ മുങ്ങി. വീട്ടിലുണ്ടായിരുന്നതെല്ലാം പോയി. അടിത്തറയും ചുമരും ഏതുനിമിഷവും ഇടിഞ്ഞുവീഴാവുന്ന സ്ഥിതിയിൽ. സെപ്റ്റിക് ടാങ്ക് ബ്ലോക്കായതിനാൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനാകാത്ത സ്ഥിതി. വയറിങ് കേടായത് കളമശേരി ഐടിഐയിൽനിന്നുള്ള വിദ്യാർഥികൾ നന്നാക്കിക്കൊടുത്തു. വീട് ഇനിയും വാസയോഗ്യമാകാത്തതിനാൽ സുരേന്ദ്രൻ ഇപ്പോഴും തുരുത്തിശേരിയിലെ പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക്കിലാണ്. മാറിയുടുക്കാനുള്ള വസ്ത്രങ്ങൾ പോലുമില്ലാത്ത ഭാര്യ ഷീജയ്ക്കും ഡിഗ്രി വിദ്യാർഥിനികളായ മക്കൾക്കും ഇതുവരെ തുണ ബന്ധുക്കളും നാട്ടുകാരുമാണ്.